**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 605** **30-01-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് വിൽക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാംപൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട്; വിശദീകരിക്കാമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നത് സർക്കാർ നയമല്ല. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നയ-സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്.<br><br>തൃശ്ശൂരിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് നിലവിൽ ലേ ഓഫ് ചെയ്തിരിക്കുകയാണ്. സെയിൽ എസ് സി എൽ കേരള ലിമിറ്റഡിൽ 2016 മുതൽ ഉല്പാദനം നടക്കുന്നില്ല.<br><br>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും നിലവിൽ പൂട്ടിക്കിടക്കുന്നില്ല. എന്നാൽ ഓർഡറുകളുടെ കുറവും, പ്രവർത്തന മൂലധനത്തിന്റെ അഭാവവും മൂലം ചില സ്ഥാപനങ്ങളുടെ പ്രവർത്തന ശേഷിയിൽ ഏറ്റക്കുറച്ചിലുകൾ വരാറുണ്ട്. |
| (ബി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികവത്ക്കരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രതിമാസ അവലോകനം (ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം), ഇന്റേണൽ / സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് അവലോകനം എന്നിവ ബി പി റ്റി മുഖേനയും സർക്കാർതലത്തിലും നടത്തുകയും ആവശ്യമായ നിർദ്ദേശം കമ്പനികൾക്ക് നൽകുകയും ചെയ്യുന്നുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായി-കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾകൊണ്ട് ഓരോ കമ്പനികളും തയ്യാറാക്കിയ |

| | | | |
|---|---|---|---|
| | | | മാസ്റ്റർ പ്ലാൻ പദ്ധതികൾ അടിസ്ഥാന-മാക്കിയ ആധുനികവത്ക്കരണ പദ്ധതികൾ ഓരോ വർഷത്തെയും വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. വാർഷിക പദ്ധതിയിൽ അനുവദിച്ച പദ്ധതി വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ പുരോഗമിച്ചുവരുന്നു.<br><br>നടപ്പ് സാമ്പത്തിക വർഷം (2023-24) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 266.90 കോടി രൂപ സർക്കാർ വാർഷിക ആസൂത്രണ പദ്ധതിയിൽ വകയിരുത്തി ഘട്ടം ഘട്ടമായി റിലീസ് ചെയ്തു നൽകി വരുന്നു. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ആധുനിക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ; | (സി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേട് നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി വരുന്നുണ്ട്. അതിന്റെ ഫലമായി ചില സ്ഥാപനങ്ങളിൽ ദീർഘകാലമായി കുടിശ്ശികയായിരുന്ന ആഡിറ്റുകൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്റേണൽ ആഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന ക്രമക്കേടുകൾ തിരുത്തുന്നതിനുള്ള നടപടികൾ കമ്പനി തലത്തിലും ഓഡിറ്റ് കമ്മിറ്റി തലത്തിലും സ്വീകരിച്ച് വരുന്നു. ഇത് സംബന്ധിച്ച പുരോഗതി വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ കമ്പനികൾക്ക് നൽകി ആഡിറ്റ് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കമ്പനികളുടെ സാമ്പത്തിക ഇടപാടുകൾ കാര്യക്ഷമ-മാക്കുന്നതിനും സുതാര്യമാക്കുന്ന-തിന്റെയും ഭാഗമായി സ്ഥാപനങ്ങളിൽ നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനമായ എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിങ് (ERP) ഏർപ്പെടുത്തുന്നതിനുനുള്ള നടപടി-കൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | പൊതുമേഖലാ സ്ഥാപനമായ ടെക്സ്റ്റൈൽ കോർപ്പറേഷനെ നവീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന-തിനാവശ്യമായ നവീകരണ പദ്ധതികൾ ഘട്ടം ഘട്ടമായി ഓരോ വർഷവും ആസൂത്രണം ചെയ്ത് നടത്തി വരുന്നു. മില്ലുകളുടെ പ്രവർത്തന-ക്ഷമതയും ഉൽപാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി കോർപ്പറേഷന്റെ 7 മില്ലുകൾക്കും, പുതിയ വികസന പദ്ധതികൾക്കും, ടെസ്റ്റിംഗ് ലാബിനും (CARDT) വേണ്ടി, 318.89 കോടി രൂപയുടെ നവീകരണ വികസന |

| | | | |
|---|---|---|---|
| | | | പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വളരെ പഴക്കം ചെന്ന മൂന്നു മില്ലുകളിലും, ഭാഗീകമായി നവീകരിക്കപ്പെട്ട ഒരു മില്ലിലും, പുതിയ മൂന്നു മില്ലുകളിലും അത്യാധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളായ ഓട്ടോകോണർ, യാൺ കണ്ടീഷനിംഗ് മെഷീൻ മുതലായവ സ്ഥാപിക്കൽ, യൂണിറ്റുകളെ ലാപ് ഫീഡ് ടെക്നോളോജിയിൽ നിന്നും ച്ചൂട്ട് ഫീഡ് ടെക്നോളോജിയിലേക്കുള്ള മാറ്റം, നിലവിലെ പഴക്കം ചെന്നതും, കാലഹരണപ്പെട്ടതുമായ എല്ലാ യന്ത്രസാമഗ്രികളുടെയും മാറ്റി സ്ഥാപിക്കൽ എന്നീ നവീകരണ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടന്നു വരുന്നു.<br><br>2020 മുതൽ 2024 വരെ 13.08കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ